**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2669** **24-06-2024 - ൽ മറുപടിയ്ക്ക്**

**കടമ്പഴിപ്പുറത്ത് കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ കടമ്പഴിപ്പുറത്ത് സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം വിട്ടു നൽകുവാൻ കഴിയില്ലെന്നും പകരം പാട്ട വ്യവസ്ഥയിൽ സ്ഥലം ആവശ്യമെങ്കിൽ അതിനായി അപേക്ഷ സമർപ്പിക്കാമെന്നുമുള്ള ഇറിഗേഷൻ വകുപ്പിന്റെ അറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ കടമ്പഴിപ്പുറം പഞ്ചായത്തിൽ ഒരു പുതിയ 33 കെവി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കടമ്പഴിപ്പുറത്ത് ജലവിഭവ വകുപ്പിന്റെ കൈവശമുള്ള സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന് വിട്ടു നൽകാൻ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ സ്ഥലം വിട്ടു നൽകാൻ കഴിയില്ലെന്നും, പാട്ട വ്യവസ്ഥയിൽ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കണമെന്നുള്ള അറിയിപ്പ് റവന്യൂ വിഭാഗത്തിൽ നിന്നും ലഭിച്ചിട്ടുള്ളതായി കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട് |
| (ബി) | എങ്കിൽ പാട്ട വ്യവസ്ഥയിൽ സ്ഥലം ലഭിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | പാട്ട വ്യവസ്ഥയിൽ സ്ഥലം ലഭിക്കുന്നതിനുള്ള അപേക്ഷ ഇതുവരെ KSEBL നൽകിയിട്ടില്ല. പ്രദേശത്തെ നിലവിലെ വൈദ്യുതി ആവശ്യകതയും പ്രസരണ വിതരണ സംവിധാനത്തിന്റെ ശേഷിയും വിലയിരുത്തി 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള വിശദമായ സാങ്കേതിക പഠനം നിലവിൽ നടന്നുവരികയാണ്. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ